**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 837** **11-02-2025 - ൽ മറുപടിയ്ക്ക്**

**പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. അൻവർ സാദത്ത് , ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ഒ.ഇ.സി വിഭാഗങ്ങളിൽപ്പെടുന്ന പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് ഏത് വർഷം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽ പെട്ട പിജി വിദ്യാർത്ഥികളുടെ 2023-24 അധ്യയന വർഷം വരെയുള്ള അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ 2023-24 വർഷം വരെയുള്ള പി.ജി. വിദ്യാർത്ഥികളുടെ എല്ലാ ക്ലെയിമുകൾക്കും തുക അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു . ഒ.ഇ. സി, ഒ.ബി.സി(എച്ച്), എസ്.ഇ.ബി.സി വിഭാഗങ്ങൾക്ക് 2022-23 വർഷം പൂർണ്ണമായും 2023-24ൽ ഭാഗികമായും ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ട് . |
| (ബി) | ഇ-ഗ്രാന്റ്സ് നൽകുന്നതിൽ കുടിശികയുണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിന്റേതാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ തുക വിതരണം ചെയ്ത് വരുന്നു . 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഒ.ഇ.സി, ഒ.ബി.സി(എച്ച്) എസ്.ഇ.ബി.സി വിഭാഗങ്ങൾക്കാണ് കുടിശ്ശിക നിലനിൽക്കുന്നത്. ഒ.ഇ.സി, ഒ.ബി.സി(എച്ച്), എസ്.ഇ.ബി.സി വിഭാഗങ്ങളുടെ ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | എങ്കിൽ അത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പ് ക്ലെയിമുകളിൽ തുക വിതരണം ചെയ്ത് വരുന്നു . 2024-25 അധ്യയന |

| | | | |
|---|---|---|---|
| | | | വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഒ.ഇ.സി, ഒ.ബി.സി(എച്ച്) എസ്.ഇ.ബി.സി വിഭാഗങ്ങൾക്കാണ് കുടിശ്ശിക നിലനിൽക്കുന്നത്. ഒ.ഇ.സി, ഒ.ബി.സി(എച്ച്), എസ്.ഇ.ബി.സി വിഭാഗങ്ങളുടെ ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ